compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 സെപ്റ്റംബർ 23
Tuesday, 23rd September 2025

1201 കന്നി 7
7th Kanni 1201

1947 ആശ്വിനം 1
1st Aswina 1947

വാല്യം 14
Vol. XIV

നമ്പർ **38**
No.

Part III

Survey and Land Records

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1961 ലെ കേരള സർവെയും അതിരടയാളവും ആക്ട് 9(2) പ്രകാരം പരസ്യപ്പെടുത്തുന്ന നോട്ടീസ്

ഡി1 259/21 തീയതി: 20.09.2025

പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ പെരിങ്ങനാട് വില്ലേജിൽ ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ സർവെ കേരള സർവെയും അതിരടയാളവും ആക്ട് 9(2) പ്രകാരം പൂർത്തിയായിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സർവെ റിക്കാർഡുകൾ "എൻറെ ഭൂമി " പോർട്ടലിലും ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസിലും (അടൂർ കായംകുളം റോഡിൽ 14 ാം മൈൽ ജംഗഷനിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസ്) പ്രദർശിപ്പിച്ചിട്ടുണ്ട്. ഭൂ ഉടമസ്ഥർക്ക് httpts://entebhoomi.kerala.gov.in പോർട്ടൽ സന്ദർശിച്ച് തങ്ങളുടെ ഭൂമിയുടെ രേഖകൾ ഓൺലൈനായി പരിശോധിക്കാവുന്നതാണ്. കൂടാതെ ക്യാമ്പ് ഓഫീസിൽ സജ്ജീകരിച്ചിട്ടുള്ള സംവിധാനം പ്രയോജനപ്പെടുത്തി ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. പരിശോധനയിൽ രേഖപ്പെടുത്തിയിട്ടുള്ള റിക്കാർഡുകളിൽമേൽ പരാതിയുണ്ടെങ്കിൽ, ആയത് ഈ പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അടൂർ റീസർവെ സൂപ്രണ്ടിന് ഫോറം നമ്പർ 160- ൽ നേരിട്ടോ, "എൻറെ ഭൂമി പോർട്ടൽ" മുഖേന ഓൺലൈനായോ അപ്പീൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത ദിവസത്തിനകം അപ്പീൽ സമർപ്പിക്കാത്തപക്ഷം ഡിജിറ്റൽ സർവെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഭൂ ഉടമസ്ഥരുടെ പേരുവിവരം, അതിരുകൾ, വിസ്തീർണ്ണം എന്നിവ കൂറ്റമറ്റതായി പ്രഖ്യാപിച്ച് സർവെ അതിരടയാള നിയമം 13 വകുപ്പ് അനുസരിച്ചുള്ള ഫൈനൽ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തി റിക്കാർഡുകൾ അന്തിമമാക്കുന്നതാണ്. സർവെ സമയത്ത് തർക്കം ഉന്നയിച്ച സർവെ അതിരടയാള നിയമ 10-ാംവകുപ്പ്, 2-ാംഉപവകുപ്പ് പ്രകാരം തീരുമാനം അറിയിച്ചിട്ടുള്ള ഭൂ ഉടമസ്ഥർക്ക് ഈ അറിയിപ്പ് ബാധകമായിരിക്കുന്നതല്ല.

വില്ലേജിന്റെ പേര്	നിലവിലെ സർവെ നമ്പർ	ഡിജിറ്റൽ സർവെ ബ്ലോക്ക് നമ്പർ	റിക്കാർഡുകൾ പരിശോധനക്കായി വച്ചിരിക്കുന്ന ഓഫിസുകൾ
പെരിങ്ങനാട്	ബ്ലോക്ക്നമ്പർ – 10 സർവെ നമ്പർ 1 മുതൽ 194വരെ, ബ്ലോക്ക് നമ്പർ – 11 സർവെ നമ്പർ 1 മുതൽ 459 വരെയും ബ്ലോക്ക് നമ്പർ – 12 സർവെ നമ്പർ 1 മുതൽ 553വരെയും	1 മുതൽ 137വരെ	ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസ് പെരിങ്ങനാട്

(ഒപ്പ്)
ലതാകുമാരി ആർ
ഹെഡ് സർവെയർ
പെരിങ്ങനാട് വില്ലേജ്
സബ്സെക്ഷൻ നം -2
റീസർവെ സൂപ്രണ്ടാഫീസ്
അടൂർ

NB: "എൻറെ ഭൂമി പോർട്ടലിൽ ഭൂവിവരങ്ങൾ പരിശോധിക്കുന്നവിധം-

"എൻറെ ഭൂമി" പോർട്ടലിൽ (httpts://entebhoomi.kerala.gov.in) ഭൂഉടമകളുടെ ഫോൺ നമ്പർ ഉപയോഗിച്ച് യൂസർ രജിസ്റ്റർ ചെയ്യാവുന്നതും, തുടർന്ന് ലഭ്യമാകുന്ന യൂസർ ഐഡിയും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം തങ്ങളുടെ ഭൂവിവരങ്ങൾ പരിശോധിക്കാവുന്നതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർവെ അതിരടയാള ആക്റ്റ്, 1961
13-ാം വകുപ്പ് പ്രകാരമുള്ള പരസ്യം

FIle No : ADMLPM/214/2025-D1

1. മലപ്പുറം ജില്ല, തിരൂർ താലൂക്കിലെ അനന്താവൂർ വില്ലേജിലെ താഴെ പറയുന്ന പ്രദേശങ്ങളിൽ ഡിജിറ്റൽ റീസർവെ പൂർത്തിയായതായി 1961ലെ കേരള സർവെ അതിരടയാള ആക്റ്റിലെ (1961 ലെ 37-ാ മത് ആക്റ്റ്) വകുപ്പ് 13 പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

2. പ്രസ്തുത ആക്റ്റിലെ വകുപ്പ് 13A, 14 വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്ന സർവെ റിക്കാർഡുകൾ ഭേദഗതി ചെയ്യപ്പെടുന്നില്ലെങ്കിൽ ഈ സർവെ റിക്കാർഡ് അതിൽ നിർണ്ണയിക്കുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള അതിരുകൾ ശരിയായി നിർണ്ണയിക്കുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നതിന്റെ തർക്കമറ്റ തെളിവായിരിക്കുന്നതാണ്.

പ്രദേശത്തിന്റെ വിവരം (ഡിജിറ്റൽ റീസർവെ റിക്കാർഡു പ്രകാരം)

ജില്ല	:	മലപ്പുറം
താലൂക്ക്	:	തിരൂർ
വില്ലേജ്	:	അനന്താവൂർ
ഡിജിറ്റൽ ബ്ലോക്ക് നമ്പർ	:	1 മുതൽ 85 വരെ

(ഒപ്പ്/-)

ഷൈൻ. എ
റീസർവെ അസിസ്റ്റന്റ് ഡയറക്ടർ
മലപ്പുറം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Kerala Survey & Boundaries Act, 1961
Notification under section 13

FIle No : ADMLPM/214/2025-D1

1. It is hereby notified under section 13 of the Kerala Survey & Boundaries Act, 1961 (Act 37 of 1961) that the digital resurvey in the following area of the Ananthavoor Village in the Tirur Taluk of Malappuram District has been completed.

2. These survey records shall serve as indisputable evidence that the boundaries therein determined and recorded have been accurately and correctly established unless amended under the provisions of sections 13A and 14 of the said act.

Land information (as per Digital Resurvey Records)

District	:	Malappuram
Taluk	:	Tirur
Village	:	Ananthavoor
Digital Block No.	:	1 to 85

(sd/-)

SHAINE. A
The Assistant Director of Resurvey
Malappuram

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.23 03:37:46 +05:30